# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3040** **22.6.2012-ൽ മറുപടിയ്ക്ക്**

**പച്ചക്കറികൃഷി വ്യാപകമാക്കുന്നതിനും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും പദ്ധതികൾ**

*ചോദ്യം*

**ശ്രീ. എ. പ്രദീപ്കുമാർ**

സംസ്ഥാനത്ത് പച്ചകറികൃഷി വ്യാപക മാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പി ക്കുന്നതിനും കൃഷിവകുപ്പ് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

*മറുപടി*

**ശ്രീ . കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും
അച്ചടിയും സ്റ്റേഷനറിയും
വകുപ്പുമന്ത്രി)

സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേന പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം 2011-12-ൽ വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുക, സ്കൂളുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക , ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുക, വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, സർക്കാർ/സർക്കാരേതര സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക എന്നിവ നടപ്പിലാക്കുന്നു. ഇതിനു പുറമെ ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി വനിതാ ഗ്രൂപ്പുകൾ മുഖേനയുള്ള പച്ചക്കറി വികസന പദ്ധതിയും നടപ്പിലാക്കുന്നു. സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി വീട്ടുവളപ്പിലെ പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിന് 25 ലക്ഷം പച്ചക്കറി കിറ്റുകൾ വിതരണം ചെയ്തു. കൂടാതെ 2011-12-ൽ തരിശുഭൂമികൾ കൃഷിയിടങ്ങളാക്കുന്നതിനായി കരാർ അടിസ്ഥാനത്തിൽ വാഴ , പച്ചക്കറി കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

2012-13-ൽ സംസ്ഥാനത്ത് ആവശ്യമായ പച്ചക്കറികൾ ഇവിടെ തന്നെ ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 42.5 കോടി രൂപയുടെ ബൃഹത്തായ

ഒരു പദ്ധതിക്ക് രൂപം നൽകി വരുന്നു. ഇത് പ്രകാരം ബ്ലോക്കുകൾ കേന്ദ്രമാക്കിയുള്ള ക്ലസ്റ്ററുകളുടെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത്. ക്ലസ്റ്ററുകളിൽ ആവശ്യം വേണ്ടുന്ന സാങ്കേതിക വിപണന സൗകര്യങ്ങൾ നൽകി വിപുലമായ രീതിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് . ഇതിനാവശ്യമായ പരിശീലനവും നല്കുന്നതാണ്. കൂടാതെ സ്ഥലസൗകര്യവും താല്പര്യവുമുള്ള സ്കൂളുകളെ തിരഞ്ഞെടുത്തു അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ പദ്ധതി ആവിഷ്കരിക്കുന്നുണ്ട്. വലിയ തോതിൽ പച്ചക്കറി കൃഷി നടത്താൻ സൗകര്യമില്ലാത്ത നഗരങ്ങളിലെ ജനങ്ങളെയും വീട്ടമ്മമാരേയും പച്ചക്കറി കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി അർബൻ ക്ലസ്റ്റർ എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മുൻസിപ്പാലിറ്റികളിലും ഇത്തരത്തിലുള്ള പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1) സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി-300 ലക്ഷം

2)പുരയിടങ്ങളിൽ പച്ചക്കറി കൃഷി (വിദ്യാർത്ഥികൾ മുഖേന)-500 ലക്ഷം

3) പരിശീലനവും പ്രചാരണവും-50 ലക്ഷം

4)അർബൻ ക്ലസ്റ്റർ പ്രോത്സാഹനം-400 ലക്ഷം

5) ജില്ലാ ക്ലസ്റ്റർ വികസനം- 2700 ലക്ഷം

6) പോളിഹൗസും ഓപ്പൺഹൈടെക്- 250 ലക്ഷം

7) കേരളകാർഷിക സർവ്വകലാശാല- 50 ലക്ഷം

--------------

ആകെ-4250 ലക്ഷം

-----------

സെക്ഷൻ ഓഫീസർ